# പന്തപ്ലാക്കൽ കുടുംബസംഗമം

## 14–ാം സമ്മേളന റിപ്പോർട്ട്

Date:14-11-2015

## പി.എം മാതൃൂ കിഴക്കമ്പലം

പ്രതിസന്ധികളുടെയും പ്രകോപനങ്ങളുടേയും അതിപ്രസരം എവിടെ നോക്കിയാലും അതിക്രമങ്ങളും അന്യയമായ പ്രവർത്തനങ്ങളും യഥേഷ്ടം കുത്തഴിഞ്ഞാടുകയാണ്. അതിനെ നിയന്ത്രിക്കുന്നവർ പോലും സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി നിയമങ്ങൾ വളച്ചൊടിക്കുന്ന നീതി പീഠം പോലും അന്ധമായി നോക്കി നിൽക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ അതി ജീവിക്കുന്നത്.

ഇതിനിടയിൽ കുടുംബവും കൂട്ടായ്മയും ഒക്കെ നിലനിർത്തുകയെന്നത് വളരെ ശ്രമകരമായ കാര്യമാണ്. എന്നിരുന്നാലും നമ്മുടെ മുൻപിൽ സഞ്ചരിച്ചവർ നമുക്കു നേടി തന്ന നമ്മെ പഠിപ്പിച്ച നന്മകളും കൂട്ടായ്മയും ഇന്നും പ്രതിഫലിക്കുന്നുണ്ട്. അതിന്റെ പ്രതിഫനലമാണല്ലോ കഴിഞ്ഞ 15 വർഷമായി നമ്മൾ മുടങ്ങാതെ നടത്തി കൊണ്ടു പോരുന്ന ഈ കുടുംബ കൂട്ടായ്മ. വിദൂരങ്ങളിൽ ചിതറി കിടക്കുന്ന നമ്മുടെ കുടുംബാംഗങ്ങളെ വർഷത്തിലൊരിക്കൽ ഒരുമിച്ചു കൂട്ടാനുള്ള ഈ ശ്രമം നാൾക്കുനാൾ വിജയം കൈവരിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള സത്യം നമുക്ക് ആഭിമാനപൂർവ്വം സ്മരിക്കാം. ചെയ്തതിലേറെ നല്ല കര്യങ്ങൾ ഇനി ചെയ്യാനുണ്ട് എന്ന ബോധ്യത്തോടെ കൂടുതൽ കർമ്മ നിരതരാവാൻ ഈ കുടുംബ കൂട്ടായ്മയിലെ ഓരോ അംഗങ്ങൾക്കും കഴിയട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.അതിനായി നമുക്ക് ഒരുമിച്ച് പ്രയാണം തുടരാം.

കഴിഞ്ഞകാല പ്രവർത്തനത്തിന്റെ അവലോകനവും വരുന്ന വർഷത്തെ പ്രവർത്തനങ്ങളുടെ ആസൂത്രണവും ഞാൻ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

## 14–ാം വാർഷിക സമ്മേളനം

2015 നവംബർ 14–ാം തീയതി ആലുവ കിഴക്കമ്പലം ശ്രീ പി.എം. മാതൃൂ പന്തപ്ലാക്കലിന്റെ ഭവനത്തിൽ വളരെ മനോഹരമായി ചമയിച്ച പന്തലിൽ അരങ്ങേറി. കുടുംബാംഗങ്ങൾക്ക് എന്നും അഭിമാനത്തോടെ ഓർക്കാവുന്ന ഒരു നാൾ ആയിരുന്നു അത്.

ഈ സമ്മേളനത്തിൽ 127 – കുടുംബങ്ങളിൽ നിന്നായി 400 ൽ പരം കുടുംബാംഗങ്ങൾ പങ്കെടുത്തു. അതിൽ നമ്മുടെ കുടുംബാംഗങ്ങൾ ആയ ഒൻപതു വൈദികരും 12 സിസ്റ്റേഴ്സും ഉണ്ടായിരുന്നുവെന്നത് അഭിമാനകരമായിരുന്നു. രാവിലെ എട്ടുമണിക്ക് കിഴക്കമ്പലം സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ രക്ഷാധികാരി ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ ഒപ്പം നമ്മുടെ കുടുംബാംഗങ്ങളായ അഞ്ചു വൈദികർ കൂടി മൺമറഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ടവരേയും അനുസ്മരിച്ച് ദിവ്യകുർബാനയും ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു.

9.15 ന് രജിസ്ട്രേഷനും തടർന്ന് പ്രഭാത ഭക്ഷണവുമായിരുന്നു. 9.50 ന് ബിജിനോർ രൂപതാ പ്രഥമ മെത്രാൻ ബിഷപ്പ് – മാർ ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ ക്കും

വിഷിഷ്ടാതിഥികൾക്കുമുള്ള ഉജ്വല വരവേൽപായിരുന്നു. തുടർന്ന് ഈശ്വര പ്രാർത്ഥനയോടെ കടുംബയോഗപരിപാടികൾ ആരംഭിച്ചു. കുടുംബയോഗ പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ ജോഷി മാത്യൂ പന്തപ്ലാക്കൽ കിഴക്കമ്പലം വിശിഷ്ടാതിഥികളേയും, കുടുംബാംഗങ്ങളേയും സ്വാഗതം ചെയ്തു സംസാരിച്ചു. കുടുംബയോഗ രക്ഷാധികാരി റവ ഫാ.തോമസ് പന്തപ്ലാക്കൽ ആമുഖ പ്രസംഗവും, കുടുംബയോഗ പ്രസിഡന്റ് ശ്രീ. പി.റ്റി ബേബി കുപ്പായകോട് അധ്യക്ഷ പ്രസംഗവും നടത്തി. ബിജിനോർ രൂപത പ്രഥമ മെത്രാൻ ബിഷപ്പ് മാർ ഗ്രേഷ്യൻ മുണ്ടാടൻ സി.എം.ഐ കുടുംബ യോഗ സമ്മേളനം ഉത്ഘാടനം ചെയ്തു. പുതിയ തലമുറയിലെ കുടുംബങ്ങളും കുടുംബാംഗങ്ങളും വേരറ്റു പൊയ്കൊണ്ടിരിക്കുമ്പോൾ നമ്മുടെ കുടുംബകൂട്ടായ്മയുടെ കെട്ടുറപ്പിനെ പറ്റിയും നേതൃത്വത്തെപ്പറ്റിയും വാചാലമായി സംസാരിച്ചു. തുടർന്ന് ആതിഥേയ കുടുംബത്തിലെ കാരണവരായ മത്തായിച്ചനെ പൊന്നാട അണിയിച്ചു സ്വീകരിച്ചു.

സ്വാർത്ഥത പത്തി വിടർത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ പരസ്പരം സഹായിച്ചും ത്യാഗങ്ങൾ സഹിച്ചും ജീവിക്കുമ്പോൾ സ്നേഹത്തിന്റെ പൊട്ടാത്ത കണ്ണികളാൽ നമ്മുടെ ജീവിതം ബന്ധിക്കപ്പെടുന്നുവെന്ന തിരിച്ചറിവോടെ,കിഡ്നി ദാദാവായ മിനി ടീച്ചർ പന്തപ്ലാക്കലിനെ ആഭിമാനത്തോടെ എതിരേൽക്കുകയും ആദരിക്കുകയും ചെയ്തത് അന്നാ കിറ്റക്സ് ഗ്രൂപ് കോ ഫൗണ്ടർ ശ്രീമതി ഏലിയാമ്മ ജേക്കബ് ആയിരുന്നു.

നമ്മുടെ കുടുംബത്തിന്റെ ജീവ ജ്വാലകൾ ആയ സന്യസ്ത സമർപിതരെ, കുടുംബാംഗമായ ഫാ. ധനേഷ് കാളൻ വളരെ സംപൂജ്യമായി സംസാരിച്ച് പൊന്നാടകൾ അണിയിച്ച് ആദരിച്ചു.

പിന്നീട് വളരെ കാലത്തെ നമ്മുടെ ആഗ്രഹമായിരുന്ന പന്തപ്ലാക്കൽ കുടുംബ ഡയറക്ടറി അന്നാ അലുമിനിയം ഗ്രൂപ് മാനേജിംഗ് ഡയറക്ടർ ശ്രീ ബോബി എം. ജേക്കബ് പ്രകാശനം ചെയ്തു.

തുടർന്ന് കിറ്റെക്സ് ഗ്രൂപ് മാനേജിംഗ് ഡയറക്ടർ ശ്രീ ബാബു എം. ജേക്കബ് സെന്റ് ആന്റണീസ് ചർച്ച് ഫാമിലി യൂണിറ്റ് വൈസ് ചെയർമാൻ ശ്രീ ഫ്രാൻസിസ് പാത്തിക്കുളങ്ങര, സെന്റ് മേരീസ് ഫാമിലി യൂണിററ് പ്രസിഡന്റ് ശ്രീ ജോർജ് കുപ്പ യിൽ ഇടക്കാല, എഫ്.സി കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ സാലി, പ്രോവിഡൻസ് ഹോം സുപ്പീരിയർ സിസ്റ്റർ ലിന്റാ, കുടുംബയോഗ യൂത്ത് വിംഗ് വൈസ് പ്രസിഡന്റ് കുമാരി അലീന ജോസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. കുടുംബ യോഗ സെക്രട്ടറി ശ്രീ ജോസ് മാസ്റ്റർ നന്ദിപ്രകടനവും നടത്തി.

ടീ ബ്രേക്കിനു ശേഷം കുടുംബം നേരിടുന്ന വെല്ലുവിളികളും മാർഗ്ഗ നിർദ്ദേശങ്ങളും എന്ന വിഷയത്തെ അധികരിച്ച് കെ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി ഡോ.ജോസ് കോട്ടയിൽ ഒരു മണിക്കൂർ നീണ്ട വിജ്ഞാനപ്രദമായ ക്ലാസ് നടത്തി. പിന്നീട് പുതിയതായി കുടുംബയോഗത്തിൽ എത്തിച്ചേർന്ന കുടുംബാംഗങ്ങളെ പരിചയപ്പെടുത്തി.

തുടർന്ന് വിഭവസമൃദ്ധമായ സ്നേഹവിരുന്നായിരുന്നു. അതോടൊപ്പം തന്നെ കുട്ടികളുടെ കൊച്ചു കൊച്ചു കലാപരിപാടികളും നടന്നു.

രണ്ടുമണിയോടുകൂടി പുതിയ ഭരണ സാരഥികളെ തിരഞ്ഞെടുക്കൽ ആയിരുന്നു. കഴിഞ്ഞ മൂന്നു വർഷം പ്രസിഡന്റായിരുന്ന ശ്രീ ബേബി പി. റ്റി സ്ഥാനമൊഴിഞ്ഞു. പകരക്കാരനായി മുൻ ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ ജോസ് മാസ്റ്റർ ചേറ്റുതോട് അധികാരമേറ്റെടുത്തു. കഴിഞ്ഞ മൂന്നു വർഷം പ്രശംസനീയമായ വിധം തന്റെ കടമ നിർവ്വഹിച്ച ബേബി പി.റ്റി കുപ്പായക്കോടിന് മുഴുവൻ കുടുംബാംഗങ്ങളും നന്ദിയും കടപ്പാടും അറിയിച്ചു. കരഘോഷത്തോടെ പുതിയ പ്രസിഡന്റിനെ സ്വീകരിച്ചു.

തുടർന്ന് യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു 3 മണിയോടുകൂടി ആദരിക്കൽ ചടങ്ങു തുടങ്ങി. ഏറ്റവും പ്രായം കൂടിയ കുടുംബാംഗം ഏറ്റവും പ്രായം കൂടിയ ദമ്പതികൾ, ഏറ്റവും ഒടുവിൽ വിവാഹിതരായവർ, ഏറ്റവും ദൂരെ നിന്നും വന്നിട്ടുള്ള കുടുംബാംഗം. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടിപ്പിച്ച കുടുംബം, വ്യത്യസ്തമായ മേഖലകളിൽ കഴിവുകൾ തെളിയിച്ചവർ എന്നിവരെ രക്ഷാധികാരി റവ ഫാ തേമസ് പന്തപ്ലാക്കൽ പൊന്നാട അണിയിച്ച് ആദരിച്ചു.

പന്തപ്ലാക്കൽ കുടുംബത്തിൽ കഴിഞ്ഞ +2 പരീക്ഷയിൽ 85% ൽ കൂടുതൽ മാർക്കു വാങ്ങിയ അംഗങ്ങൾക്കുള്ള സ്കോളർഷിപ്പ് സംഖ്യ 500/- രൂപ നൽകി ആതിഥേയ കുടുംബ നാഥൻ ശ്രീ പി.എം മാത്യു അഭിനന്ദനം അറിയിച്ചു.

പിന്നീട് എക്കാലവും കുടുംബ യോഗ സമ്മേളനത്തിന് ആവേശം നൽകുന്ന വടം വലി മത്സരമായിരുന്നു. ഇത്തവണ മലബാർ വടം വലിക്കാരെ വലിച്ചൊതുക്കി തിരുവിതാംകൂർ ടീം ഒന്നാം സ്ഥാനം കൈക്കലാക്കി. രക്ഷാധികാരി വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. മുഴുവൻ സമ്മാനങ്ങളും സ്പോൺസർ ചെയ്തത് ഗാബ്രി അലുമിനിയം കമ്പനി ഉടമകളായ ശ്രീ ജോഷി മാത്യു/ ശ്രീ ഷിജോ മാത്യു പന്തപ്ലാക്കൽ കിഴക്കമ്പലം ആണ്.

കുടുംബ യോഗം വൻ വിജയമാക്കിതീർക്കാൻ കഠിന ശ്രമങ്ങൾ നടത്തി ഇത്രയധികം മനോഹരമായ പരിപാടികൾക്ക് വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി ആതിഥേയത്വം നൽകിയ ശ്രീ പി.എം മാത്യൂ കിഴക്കമ്പലത്തിനും ശ്രീ ജോഷി മാത്യു, ശ്രീ ഷിജോ മാത്യുവിനും അവരുടെ കുടുംബാംഗങ്ങൾക്കും ഈ കുടുംബകൂട്ടായ്മയുടെ മുഴുവൻ പേരിലും ഒരായിരം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

വിജയികൾക്ക് മുഴുവൻ സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ഗാബ്രി അലുമിനിയത്തിനും പ്രത്യേകം നന്ദി അറിയിക്കുന്നു.

കുടുംബ ഡയറക്ടറിയിലേക്ക് ചരിത്രം തയ്യാറാക്കുന്നതിനായി കഠിനാദ്ധ്വാനം ചെയ്ത തോമസച്ചനും, അഡ്രസ് ബുക്ക് തയ്യാറാക്കുന്നതിനായി മാസങ്ങളോളം പ്രയത്നിച്ച ശ്രീ റെജിമോൻ മൈലംപെട്ടിക്കും ശ്രീ സായ് മോൻ ഏന്തയാറിനും അഡ്രസുകൾ കളക്ട് ചെയ്യാൻ തീവ്ര പ്രയത്നം നടത്തിയ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

യൂത്ത് വിംഗിന്റെ വിജ്ഞാനപ്രദമായ ഹൃദയ സഞ്ചാർ എന്ന വിശേഷാൽ പ്രതിയുടെ പ്രസിദ്ധീകരണത്തിനായി പ്രവർത്തിച്ച യൂത്ത് വിംഗ് പ്രവർത്തകരേയും അതിന്റെ

സാമ്പത്തിക സഹായം സ്പോൺസർ ചെയ്ത ശ്രീ ബിജു പതിയിൽ, ബുള്ളററ് ലോജിസ്റ്റിക് എം.ഡി യേയും ഈ അവസരത്തിൽ ഏറെ സ്നേഹത്തോടും നന്ദിയോടും ഓർക്കുന്നു.

## പ്രവർത്തന വിലയിരുത്തൽ

പന്തപ്ലാക്കൽ കുടുംബയോഗ വെൽഫെയർ ഫണ്ട്:- ശ്രീ മാത്തുക്കുട്ടി വീർപാട്, ശ്രീ റിജുമോൻ മൈലംപെട്ടി, ശ്രീ സന്തോഷ് അണുങ്ങോട് തുടങ്ങിയവർ നേതൃത്വം നൽകി. 20 മെമ്പർ 20 മാസം കൊണ്ട് വളരെ നല്ല രീതിയിൽ സഹകരിച്ച് നമ്മുടെ വെൽഫെയർ ഫണ്ടിൽ 40,000/- രൂപ നേടിതന്ന ഇതിലെ മെമ്പർമാരേയും നേതൃത്വം വഹിച്ചവരേയും സ്നേഹത്തോടെ അഭിനന്ദിക്കുന്നു.

## എക്സിക്യൂട്ടീവ് കമ്മിറ്റി.

കാര്യമായ പുതിയ പ്രവർത്തനങ്ങൾ ഒന്നും ഇല്ലാതിരുന്നതുകൊണ്ട് ഒരു എക്സിക്യൂട്ടീവ് യോഗം മാത്രമേ കൂടാൻ കഴിഞ്ഞുള്ളൂ 18-10-2016 ന് ശ്രീ ജോസ് കല്ലാനോടിന്റെ വീട്ടിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ 14 അംഗങ്ങൾ പങ്കെടുത്തു. പ്രസിഡന്റ് ശ്രീ ജോസ് ചേറ്റുതോട് അധ്യക്ഷം വഹിച്ച യോഗത്തിൽ രക്ഷാധികാരി റവ.ഫാ തോമസ് പന്തപ്ലാക്കൽ സി.എം.ഐ യും പങ്കെടുത്തു. 14-ാം സമ്മേളനത്തിന്റെ പ്രവർത്തനവും വിജയവും വിലയിരുത്തി.

## യോഗ തീരുമാനങ്ങൾ

1. 15-ാം വാർഷികസമ്മേളനം ശ്രീ ജോസ് കല്ലാനോടിന്റെ ഭവനത്തിൽ പരമാവധി ചിലവുകൾ ക്രമീകരിച്ച് നടത്തുവാൻ തീരുമാനമെടുത്തു. അതിന്റെ പ്രവർത്തന ജനറൽ കൺവീനറായി ശ്രീ ചെറിയാൻ മാസ്റ്ററെ നിയോഗിച്ചു.

2. ക്ഷണ കത്തുകൾ പ്രിന്റ് ചെയ്യുവാനും വിശിഷ്ടാതിഥികളെ ക്ഷണിക്കുവാനും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുവാനും ശ്രീ ജോസ് കല്ലാനോടിനെ ഏൽപിച്ചു.

3. സാമ്പത്തിക ചിലവുകൾ അധികം വരുന്ന വിശിഷ്ട വ്യക്തികളെ ക്ഷണിക്കുന്നത് വേണ്ടെന്നു തീരുമാനിച്ചു.

4. യോഗത്തിൽ രക്ഷാധികാരിയുടെ വ്രത വാഗ്ദാന ജൂബിലി ആഘോഷം കൂടി ഉൾപ്പെടുത്തി, ആതിഥേയ കുടുംബത്തിലെ കുടുംബ നാഥന്റെ 15-ാം അനുസ്മരണ വാർഷികം കൂടി നടത്തുവാൻ തീരുമാനമെടുത്തു.

5. കുടുംബ യോഗം നടത്തുന്ന വീടുകളിൽ നോട്ടീസും സൗണ്ട് സിസ്റ്റവും പൊതു ഫണ്ടിൽ നിന്നും എടുക്കുവാൻ തീരുമാനിച്ചു.

**കുടുംബ യോഗ ഫണ്ട് ശേഖരണം:**

ഓരോ കുടുംബങ്ങളേയും സമീപിച്ച് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള 500 രൂപയിൽ കുറയാത്ത സംഖ്യകൾ സ്വീകരിച്ച് രസീത് കൊടുക്കുവാൻ തീരുമാനിച്ചു. ഇനി വരുന്ന കുടുംബസമ്മേളനത്തിനുള്ള ചിലവുകൾ ഇങ്ങിനെ സമാഹരിക്കുന്ന സംഖ്യ കൊണ്ട് നടത്തുവാൻ തീരുമാനിച്ചു.

**ആദരാഞ്ജലികൾ:** -

1. സിസ്റ്റർ: തെക്ലാമ്മ പന്തപ്ലാക്കൽ എസ്. എ. ബി. എസ്. കാഞ്ഞിരമറ്റം
2. മറിയാമ്മ പന്തപ്ലാക്കൽ, കൊട്ടിയൂർ
3. മറിയാമ്മ കളപ്പുരക്കൽ, മൂഴൂർ
4. ചിന്നമ്മ പന്തപ്ലാക്കൽ, മൈലം പെട്ടി
5. മത്തായി മാളിയേക്കൽ, ചെങ്ങളം
6. കുഞ്ഞുവർക്കി പന്തപ്ലാക്കൽ പന്തത്തല
7. റോസമ്മ ജോസ് പന്തപ്ലാക്കൽ, മംഗലാപുരം

തുടങ്ങിയവർ കഴിഞ്ഞ കുടുംബ കൂട്ടായ്മക്കു ശേഷം മരണം മൂലം നമ്മിൽ നിന്നും വേർപിരിഞ്ഞുപോയവരാണ്. ഇവർക്കെല്ലാം നമുക്ക് ഒരുമിച്ച് പ്രാർത്ഥിച്ച് ആദരാഞ്ജലികൾ അർപ്പിക്കാം.

തുടർന്നുള്ള പ്രവർത്തനങ്ങളിലും കുടുംബയോഗത്തിന്റെ അഭ്യൂദയകാംക്ഷികളായ മുഴുവൻ പേരുടേയും ഉപദേശങ്ങളും നിർദ്ദേശങ്ങളും പ്രാർത്ഥനയും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് എല്ലാവരുടെയും അംഗീകാരത്തിനും ചർച്ചക്കുമായി ഏറെ സന്തോഷത്തോടും അഭിമാനത്തോടും കൂടി സവിനയം സമർപ്പിക്കുന്നു.

എന്ന്

പന്തപ്ലാക്കൽ കുടുംബയോഗ സെക്രട്ടറി

ജോസ് കല്ലാനോട്